(എഫ്) എളംകുളം സർവ്വീസ് സഹകരണ ബാങ്ക് സംബന്ധിച്ച കേസിൽ 3,68,49,962,15 രൂപയുടേയും കോട്ടയം ജില്ലാ വിനോദ സഞ്ചാര വികസന സഹകരണ സംഘം കേസിൽ 40,61,014 രൂപയുടേയും അഴിമതി നടന്നതായി പ്രാഥമികാന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ജി) പ്രസ്തുത കേസുകൾ സംബന്ധിച്ച അന്വേഷണം പൂർത്തിയാകാത്തതിനാൽ ഇതുവരെ കോടതിയിൽ ചാർജ് ഷീറ്റ് നൽകിയിട്ടില്ല. ചാർജ് ഷീറ്റ് നൽകുന്നതിൽ കാലതാമസം വന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) മേൽകേസുകളിൽ വളരെയധികം സാക്ഷികളെ ചോദ്യം ചെയ്തു മൊഴി രേഖപ്പെടുത്തേണ്ടുന്നതു കൊണ്ടും വളരെയേറെ റെക്കാർഡുകൾ പരിശോധിക്കേണ്ടതായിട്ടുള്ളതുകൊണ്ടും, പല റെക്കാർഡുകളും വളരെ പഴക്കമുള്ളതാകയാൽ അവ തെരഞ്ഞു കണ്ടുപിടിച്ച് പരിശോധിക്കുന്നതിനും കൂടുതൽസമയം ആവശ്യമുള്ളതിനാലുമാണ് അന്വേഷണം പൂർത്തിയാക്കുന്നതിനും ചാർജ് ഷീറ്റ് നൽകുന്നതിനും കാലതാമസമുണ്ടാകുന്നത്.

(ഐ) സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടവരെ വിജിലൻസ് അന്വേഷണത്തിൽ നിന്നും ഒഴിവാക്കി എന്നുള്ള ആരോപണം ശരിയല്ല.

(ജെ) അന്വേഷണം പുരോഗമിക്കുകയാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കുറ്റക്കാർ ആരൊക്കെയാണെന്ന് കണ്ടുപിടിക്കുന്നതിനും അവർക്കെതിരെ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച തീരുമാനം എടുക്കാനും സാധിക്കുകയുള്ളൂ.

ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട്

84 (92) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് ഉദ്യോഗ നിയമനങ്ങളിൽ മേൽത്തട്ട് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നിയമിച്ച ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ എന്ന് വെളിപ്പെടുത്തുമോ ;

(സി) റിപ്പോർട്ടിന്റെ ഉള്ളടക്കം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) റിപ്പോർട്ടിൻമേൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) നരേന്ദ്രൻ കമ്മിഷൻ ശുപാർശ പ്രകാരം പി.എസ്.സി നിയമനങ്ങൾ ത്വരിതഗതിയിൽ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(എഫ്) മേൽത്തട്ട് സംബന്ധിച്ച നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് പ്രാബല്യത്തിൽ വന്നശേഷം ഇതനുസരിച്ച് പി.എസ്.സി മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; വിശദ വിവരം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 12-6-2000 മുതൽ

(സി) റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.†

(ഡി) റിപ്പോർട്ടിലെ ശുപാർശ (ii),(iii),(iv),(vii) എന്നിവ അതേപടിയും മറ്റുള്ളവ ഭേദഗതികളോടെയും സ്വീകരിച്ചിട്ടുണ്ട്. വിശദമായി അനുബന്ധം (2) ൽ ചേർത്തിട്ടുണ്ട്.

(ഇ) നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് ചില ഭേദഗതികളോടെ അംഗീകരിച്ചു കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി 12-6-2000-ലെ വിജ്ഞാപനത്തിലൂടെ കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നൽകിയിട്ടുണ്ട്. മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ജസ്റ്റീസ് ജോസഫ് കമ്മിറ്റി റിപ്പോർട്ടനുബന്ധിച്ചുള്ള ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നിട്ടും ആയത് ലഭ്യമാക്കാൻ കഴിയാതിരുന്നവർക്ക് ഒരവസരംകൂടി നൽകാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

(എഫ്) നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് ചില ഭേദഗതികളോടെ അംഗീകരിച്ചു കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി 12-6-2000 ലെ വിജ്ഞാപനത്തിലൂടെ " എക്സ്ട്രാ ഓർഡിനറി" ആക്കി കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ഗവ:പ്രസ്സിൽ നൽകിയിട്ടുണ്ട്. ആയത് പ്രസിദ്ധീകരിച്ചു കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

നിയമനങ്ങളിൽ സംവരണ/സംവരണേതര സമുദായങ്ങൾക്ക് ലഭിച്ച പ്രാതിനിധ്യത്തെ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ്

85 (93) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖാന്തിരം നടത്തിയ സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിൽ സംവരണ/സംവരണേതര സമുദായങ്ങൾക്ക് ലഭിച്ച പ്രാതിനിധ്യത്തെ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ജോസഫ് കമ്മിഷൻ മുൻപാകെ പബ്ലിക് സർവ്വീസ് കമ്മിഷൻ തെളിവിനായി നൽകിയിരുന്നോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റിലെ സംവരണ വിഭാഗത്തിന്റെ പ്രാതിനിധ്യം കാണിച്ചിരിക്കുന്നത് പി.എസ്.സി. മുഖേന സംവരണ റൊട്ടേഷൻ പ്രകാരം നിയമനം ലഭിച്ചവരെ മാത്രം ഉൾപ്പെടുത്തിയാണോ എന്ന് വ്യക്തമാക്കാമോ ; ഓപ്പൺ കാറ്റഗറിയിൽ നിയമനം ലഭിച്ച സംവരണ വിഭാഗങ്ങളിൽപ്പെട്ടവരെ ഈ ലിസിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

---

† അനുബന്ധം III (1)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 84(92) കാണുക]

നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശ (1) - ലെ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ മാത്രം മേൽത്തട്ടിൽ നിന്ന് ഒഴിവാക്കിയാൽ മതിയെന്ന ശുപാർശ കൂടുതൽ ആളുകൾക്ക് ഗുണകരമാകത്തക്ക വിധത്തിൽ പരമ്പാരഗത തൊഴിൽ കല്പിക്കപ്പെട്ടിരിക്കുന്ന 8 ജാതികളെയും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവരായി കണക്കാക്കുന്ന 13 ഉപജാതികളേയും മൊത്തത്തിൽ മേൽത്തട്ടിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശുപാർശ (V)-ൽ പരമ്പരാഗത പറയുംപ്രകാരം റിസർവേഷൻ പ്രിൻസിപ്പൽ സ്റ്റേറ്റിന്റെ 'കൺസോളിഡേറ്റഡ്' ഫണ്ടിൽ നിന്നും ശമ്പളം കൊടുക്കുന്ന എല്ലാ പോസ്റ്റുകളുടെയും നിയമനത്തിൽ ബാധകമാക്കണമെന്ന കാര്യം അംഗീകരിക്കാൻ സർക്കാരിന് സാദ്ധ്യമല്ല. എയ്ഡഡ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സർക്കാരും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപന മാനേജ്മെന്റുകളും തമ്മിലുള്ള എഗ്രിമെന്റ് മുഖേന മാനേജ്മെന്റുകളുടെ അധികാര പരിധിയിൽപ്പെട്ടതാണ്. ആകയാൽ ഈ ശുപാർശ സർക്കാരിലും പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവയിലും ബാധകമാക്കി അംഗീകരിച്ചു.

ശുപാർശ (VI)റാങ്ക് ലിസ്റ്റിലോ സപ്ലിമെന്ററി ലിസ്റ്റിലോ നിയമനത്തിനായി ഉദ്യോഗാർത്ഥികൾ ഉള്ളപ്പോൾ താത്ക്കാലികമായി നിയമിക്കപ്പെട്ടവരെ സർവ്വീസിൽ തുടരാൻ അനുവദിക്കരുതെന്ന വ്യവസ്ഥ ഇപ്പോൾ തന്നെ നിലവിലുള്ളതാണ്. ആകയാൽ ഈ ശുപാർശയിൻമേൽ പ്രത്യേക ഉത്തരവിന്റെ ആവശ്യമില്ല.

ഷെഡ്യൂളിലെ ഐറ്റം (V) വസ്തുക്കൾ ഉള്ളവർ എന്നത് കൂടുതൽ വ്യക്തതയ്ക്കും സരളതയ്ക്കും വേണ്ടി കൈവശഭൂമി ഏതുതരമായാലും 5 ഹെക്ടർ എന്ന് വ്യവസ്ഥപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly